കോഴിക്കോട് ജില്ലയിലെ സ്റ്റേഡിയങ്ങൾ ദേശീയ ഗെയിംസിനായി ഉപയോഗിക്കാൻ നടപടി

166 (6338) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനായി കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപത്തെ നാലാമത്തെ വേദിക്കുവേണ്ടി ആരോഗ്യ വകുപ്പ് അധികൃതരിൽ നിന്നും സമ്മതം വിട്ടുകിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ മറ്റു സ്റ്റേഡിയങ്ങൾ ദേശീയ ഗെയിംസിനായി ഉപയോഗിക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 ആഗസ്റ്റ് രണ്ടാം തീയതി പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുന്നതാണ്.

(ബി) ഉണ്ട്. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം, വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ദേശീയ ഗെയിംസിനായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ, കോഴിക്കോട് ചേവായൂരിൽ അത്യാധുനിക സൗകര്യങ്ങളോടെ അന്തർദേശീയ നിലവാരത്തിലുള്ള ഒരു വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

പ്രൊഫഷണൽ കോഴ്സുകളിലെ സർക്കാർ സീറ്റിന്റെ ഒരു ശതമാനമെങ്കിലും സ്പോർട്ട്സിനു നീക്കിവയ്ക്കുവാൻ നടപടി

167 (6339) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകളിലെ സീറ്റുകൾ പലമടങ്ങ് കൂട്ടിയിട്ടും സ്പോർട്ട്സിന് പഴയ കാട്ടതന്നെ തുടരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) രാജ്യാന്തര തലത്തിൽ മികവുനേടിയവർക്കുപോലും കായ്ട്ടയുടെ പ്രയോജനം കിട്ടുന്നില്ലെന്ന് ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വാശ്രയ മേഖലയിലേതുൾപ്പെടെ മൊത്തം സർക്കാർ സീറ്റിന്റെ ഒരു ശതമാനമെങ്കിലും സ്പോർട്ട്സിനു നീക്കിവയ്ക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) - (സി) ഉണ്ട്. ഇക്കാര്യം ഉന്നത വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

"പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ" അഭിയാൻ പദ്ധതി

168 (6340) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ" അഭിയാൻ (പൈക്ക) പദ്ധതി പ്രകാരം 2009-2010-ൽ എത്ര രൂപ സംഘത്തിന് ലഭിച്ചു എന്നും എത്ര തുക വിനിയോഗിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2009-2010-ൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്നും അവ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 2008-09-ൽ തെരഞ്ഞെടുത്ത 100 ഗ്രാമ പഞ്ചായത്തുകൾക്കും 15 ബ്ലോക്ക് പഞ്ചായത്തുകൾക്കും അർഹമായ കേന്ദ്ര വിഹിതത്തിന്റെ രണ്ടാം ഗഡുവായി താഴെ പറയുന്ന തുക 2010 മാർച്ച് മാസം ലഭിച്ചു.

ഒറ്റത്തവണ പ്രാരംഭ ഗ്രാന്റ് 65,62,500

വാർഷിക അക്രിസിഷൻ/ഓപ്പറേഷണൽ ഗ്രാന്റ് 14,30,500

സ്പോർട്സ് കോ-ഓർഡിനേറ്റർമാരുടെ പരിശീലനത്തിന് ലഭിച്ച ഒന്നാം ഗഡു 1,91,925

ആകെ 81,84,925 രൂപ.

ഒന്നാം ഗഡുവിന്റെ വിനിയോഗ പുരോഗതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു വിതരണം ചെയ്യുന്നതാണ്.

(ബി) 2008-09-ൽ തെരഞ്ഞെടുത്ത 7 ഗ്രാമപഞ്ചായത്തുകളിലും 1 ബ്ലോക്ക് പഞ്ചായത്തിലും അടിസ്ഥാന സൗകര്യ വികസനം, പൈക്ക പരിശീലന കേന്ദ്രങ്ങൾ സജ്ജമാക്കൽ, കായിക താരങ്ങൾക്ക് പരിശീലനം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ 2009-10-ൽ പുതുതായി 14 ഗ്രാമപഞ്ചായത്തുകളും മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളും കൂടി പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര കായിക യുവജനകാര്യാലയത്തിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly